(ബി) പ്രീ-പെയ്ഡ് മീറ്റർ സംവിധാനം നടപ്പാക്കുന്നതിന് എന്തെല്ലാം നടപടികൾ സർക്കാർ സ്വീകരിച്ചിട്ടുണ്ട് ; വ്യക്തമാക്കുമോ ;

(സി) പ്രസ്തുത സംവിധാനത്തിന്റെ പ്രയോജനങ്ങൾ എന്തെല്ലാമാണ്; ഇതുമൂലം വൈദ്യുതി താരിഫ് വർദ്ധിക്കാൻ സാധ്യതയുണ്ടോ ?

ഉത്തരം

(എ) ഗാർഹിക ഉപഭോക്താക്കളിൽ നിന്നും മുൻകൂർ പണം സ്വീകരിക്കുന്ന സംവിധാനം ഇപ്പോൾ നിലവിലുണ്ട്. 12 മാസത്തെ വൈദ്യുതി ചാർജ്ജ് മുൻകൂറായി ഒടുക്കുകയാണെങ്കിൽ 4 ശതമാനവും 6 മാസത്തെ വൈദ്യുതി ചാർജ്ജ് മുൻകൂറായി ഒടുക്കുകയാണെങ്കിൽ 2 ശതമാനവും ഇളവുകൾ എല്ലാ വിഭാഗത്തിൽപ്പെട്ട ഉപഭോക്താക്കൾക്കും ബാധകമാക്കിയിട്ടുണ്ട്.

(ബി) ഊർജ്ജ സംരക്ഷണ നടപടികളുടെ ഭാഗമായി സംസ്ഥാനത്തെ എല്ലാ സർക്കാർ ഓഫീസുകളിലും ഘട്ടംഘട്ടമായി 3 വർഷം കൊണ്ട് പ്രീ-പെയ്ഡ് മീറ്ററിംഗ് സംവിധാനം നടപ്പിൽ വരുത്തുമെന്ന് ബഹുമാനപ്പെട്ട ധനകാര്യമന്ത്രി 2010-11 വർഷത്തെ കേരള ബജറ്റിന്റെ അവതരണ വേളയിൽ പ്രസ്താവിച്ചിരുന്നു. അതിന്റെ പ്രാരംഭഘട്ടം എന്ന നിലയ്ക്ക് 75 സർക്കാർ ഓഫീസുകളിൽ (23 ജില്ലാ ട്രഷറികളുൾപ്പെടെ) പ്രസ്തുത സംവിധാനം ഏർപ്പെടുത്തുന്നതിനുള്ള നടപടികൾ ബോർഡ് തലത്തിൽ ആരംഭിച്ചിട്ടുണ്ട്.

(സി) സർക്കാർ ഓഫീസുകളിൽ ഇപ്പോൾ കണ്ടുവരുന്ന വൈദ്യുതി ദുരുപയോഗം തടയുന്നതിനും അതുവഴി ഊർജ്ജ സംരക്ഷണം ഉറപ്പാക്കുന്നതിനും പ്രസ്തുത സംവിധാനം പ്രയോജനപ്പെടും. നിലവിലുള്ള താരിഫ് സമ്പ്രദായം അനുസരിച്ചാണ് ഈ പദ്ധതി നടപ്പാക്കുന്നത്.

വൈദ്യുതി ചാർജ്ജ് കുടിശ്ശിക

159 (4222) ശ്രീ. എം. ഹംസ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പിന്നോക്ക പട്ടിക സമുദായക്ഷേമവും ഊർജ്ജവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഈ സർക്കാർ അധികാരത്തിൽ വരുമ്പോൾ വൈദ്യുതി ചാർജ്ജ് കുടിശ്ശിക എത്രയായിരുന്നു ;

(ബി) മേൽ കുടിശ്ശിക തുകയിൽ എത്ര രൂപ പിരിച്ചെടുത്തു ?

ഉത്തരം

(എ) ഈ സർക്കാർ അധികാരത്തിൽ വന്നവേളയിൽ അതായത് 31-3-2006-ലെ കണക്കനുസരിച്ച് വൈദ്യുതി ചാർജ്ജ് കുടിശ്ശികയിനത്തിൽ 1477.37 കോടി രൂപ വൈദ്യുതി ബോർഡിന് പിരിഞ്ഞുകിട്ടാനുണ്ടായിരുന്നു.

(ബി) 31-3-2006 ലെ-കണക്ക് പ്രകാരം വൈദ്യുതി ബോർഡിന് വൈദ്യുതി ചാർജ്ജ് കുടിശ്ശികയിനത്തിൽ 1477.37 കോടി രൂപ പിരിഞ്ഞു

LIBRARY ARCHIVES Kerala Legislative Assembly

കിട്ടാനുണ്ടായിരുന്ന സ്ഥാനത്ത് 31-3-2010-ലെ കണക്ക് പ്രകാരം 1096.55 കോടി രൂപയായി കുടിശ്ശിക കുറഞ്ഞു. ഇതനുസരിച്ച് 31-3-2006-ലെ കണക്കുമായി താരതമ്യപ്പെടുത്തുമ്പോൾ 31-3-2010-ൽ 380.82 കോടി രൂപ കുടിശ്ശികയിനത്തിൽ കുറവ് വന്നിട്ടുണ്ട്.

വൈദ്യുതി ചാർജ്

160 (4223) ശ്രീ. യു. സി. രാമൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിന്നോക്ക പട്ടിക സമുദായക്ഷേമവും ഊർജ്ജവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) വൈദ്യുതി വകുപ്പ് ഉപഭോക്താക്കളിൽ നിന്നും മീറ്റർ ചാർജ് ഈടാക്കുന്നുണ്ടോ ; ഉണ്ടെങ്കിൽ പ്രതിമാസ നിരക്ക് എത്രയെന്ന് വിശദമാക്കുമോ ;

(ബി) വൈദ്യുതി ഉപഭോക്താവിന് അളന്ന് നൽകേണ്ട ചുമതല സപ്ലൈയർക്കാണെന്നിരിക്കെ ഉപഭോക്താവിൽനിന്നും അളന്നു നൽകുന്നതിനുള്ള ചാർജ് ഈടാക്കുന്നത് ക്രമവിരുദ്ധമാണെന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(സി) എങ്കിൽ നിയമത്തിൽ കടന്നു കൂടിയ തെറ്റ് തിരുത്തുന്നതിന് നിയമം ഭേദഗതി ചെയ്യാൻ നടപടി സ്വീകരിക്കുമോ ?

ഉത്തരം

(എ) വൈദ്യുതി ബോർഡ് ഉപഭോക്താക്കളിൽ നിന്നും മീറ്റർ വാടക ഈടാക്കുന്നുണ്ട്. ഇപ്രകാരം ഈടാക്കുന്ന മീറ്റർ വാടക നിരക്കുകൾ താഴെപ്പറയുന്ന പ്രകാരമാണ്.

സിംഗിൾ ഫേസ് മീറ്റർ പ്രതിമാസം 10 രൂപ

ത്രീഫേസ് മീറ്റർ പ്രതിമാസം 20 രൂപ

സി.റ്റി. മീറ്റർ പ്രതിമാസം 75 രൂപ

(ബി) ഇലക്ട്രിസിറ്റി നിയമം 2003, ഖണ്ഡിക 45(3)(ബി) പ്രകാരവും ഇലക്ട്രിസിറ്റി സപ്ലൈകോഡ് 2005 ഖണ്ഡിക 13(6) പ്രകാരവും വൈദ്യുതി ബോർഡ് സ്വന്തം ചെലവിൽ സ്ഥാപിച്ച് സംരക്ഷിച്ചുവരുന്ന വൈദ്യുതി മീറ്ററുകൾക്ക് പ്രതിമാസ മീറ്റർ വാടക വാങ്ങുന്നത് അനുവദനീയമാണ്. കഴിഞ്ഞ യു.ഡി.എഫ്. സർക്കാർ നടപ്പാക്കിയ ഇതിൽ ക്രമവിരുദ്ധമായി ഒന്നുമില്ല.

ഉപഭോക്താക്കൾക്ക് സ്വന്തം ചെലവിൽ മീറ്റർ വാങ്ങി സ്ഥാപിക്കുന്നത് അനുവദനീയമാണ്. ഇപ്രകാരം സ്വന്തം ചെലവിൽ സ്ഥാപിക്കപ്പെടുന്ന മീറ്ററുകൾക്ക് മാസവാടക ഈടാക്കുന്നതല്ല.

(സി) ഇലക്ട്രിസിറ്റി നിയമം 2003-ൽ ഭേദഗതി വരുത്തേണ്ടത് കേന്ദ്ര ഗവൺമെന്റാണ്.

LIBRARY ARCHIVES Kerala Legislative Assembly